പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3426**

25.06.2012 ൽ മറുപടിയ്ക്ക്

**കായംകുളത്തെ സദാചാര പോലീസിന്റെ അക്രമ സംഭവം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സദാചാര പോലീസ് ചമഞ്ഞ് നൂറനാട് പണയിൽ നസ്രത്ത് ഭവനിൽ വിജിത്ത് വിൻസന്റിനെ കായംകുളത്ത് വച്ച് മർദ്ദിച്ച സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്; | (എ) ആകെ ഏഴ് പ്രതികളിൽ അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 733/12 നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് കായംകുളം സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. |
| (ബി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; | (ബി) ക്രൈം 733/12 U/s 342, 323, 34, 308, 120 (b) IPC & 66 (A) of I.T. Act പ്രകാരം കായംകുളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) പ്രതികൾക്ക് തീവ്രവാദ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത കേസിലെ ആക്രമണത്തിനിരയായ വ്യക്തി രോഗിയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) ഹൃദ്രോഗിയായ വിജിത്തിന്റെ ചികിത്സയ്ക്ക് ആവശ്യമായ തുക സർക്കാർ അനുവദിക്കുമോ ? | (ഇ) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ